# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *286 — 03/04/2013 - ലെ മറുപടിയ്ക്ക്

## കാർഷിക കർമ്മസേന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത്കാർഷിക കർമ്മ സേന രൂപീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കർഷകർ നേരിടുന്ന കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ് കർമ്മസേന രൂപീകരിക്കപ്പെടുന്നത്. നടീൽ മുതൽ വിള വെടുപ്പ്, സംസ്ക്കരണം വരെയുള്ള കൃഷിപ്പണികൾ, തെങ്ങ്കയറ്റം, ജൈവ വളം, കീടനാശിനി പ്രയോഗം, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ എന്നിവയ്ക്ക് കർമ്മ സേനകളെ പ്രയോജനപ്പെടുത്തുക യാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും കാർഷിക കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്ന ആഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ സഹായത്തോടെ യാണ് കാർഷിക കർമ്മസേന പ്രവർത്തിക്കുക. |

സെക്ഷൻ ഓഫീസർ